വയസ്സനായ ഒരു കുതിര പറമ്പിലെ പൊട്ടക്കിണറ്റിൽ വീണു. യജമാനൻ അതിനെ പൊക്കി യെടുക്കാൻ പരമാവധി ശ്രമിച്ചു. പറ്റിയില്ല. അവസാനം അയാൾ തീരുമാനിച്ചു, ഈ കുതിരക്ക് വയസ്സായി. ഇനി കഷ്ടപ്പെട്ട് പൊക്കിയെടുത്താലും അധികമൊന്നും പണിയെടുക്കാൻ അതിന് കഴിയില്ല.

പ്രായാധിക്യം മൂലം വല്ല അസുഖവും വന്നാൽ പിന്നെ അതിനെ ചികിത്സിക്കൽ തന്നെ വല്ലാത്ത ചിലവാകും. അതുകൊണ്ട് അതിനെ കിണറ്റിലിട്ട് മൂടിക്കൊള്ളാൻ ജോലിക്കാരെ ഏൽപ്പിച്ച് അയാൾ വീട്ടിലേക്ക് പോയി. കുറച്ച് കഴിഞ്ഞ് പുറത്തേക്കിറങ്ങിയ അയാൾ കണ്ടത് ആ വയസ്സൻ കുതിര പുറത്ത് മേയുന്നതാണ്...

എന്താണ് യഥാർത്ഥത്തിൽ സംഭവിച്ചത്, കിണർ മൂടാൻ വേണ്ടി പണിക്കാർ കൊട്ടയിൽ മണ്ണ് കൊണ്ടുവന്നിട്ടത് കുതിരയുടെ മുകളിൽ. ഓരോ പ്രാവശ്യവും തൻറെ ശരീരത്തിലേക്ക് വീഴുന്ന മണ്ണ് അപ്പോൾ തന്നെ കുതിര കുടഞ്ഞു കളയും. എന്നിട്ട് താഴെ വീണ മണ്ണിൽ കയറി നിൽക്കും.

ഒടുവിൽ കിണർ മണ്ണ് കൊണ്ട് നിറയുകയും കുതിര പുറത്ത് വരികയും ചെയ്തു. ജനങ്ങൾക്കിടയിൽ ജീവിക്കുമ്പോൾ ഒരുപാട് ആളുകൾ നമ്മെ അനാവശ്യമായി മനസ്സുകൊണ്ടും, വാക്കുകൾ കൊണ്ടും, അതിലേറെ പ്രവർത്തനങ്ങൾ കൊണ്ടും നമ്മെ പരമാവധി ചെളി വാരിയെറിയും. ചിലപ്പോ നമ്മുടെ ആത്മനിയന്ത്രണം നഷ്ടപ്പെട്ട് ഈ ലോകത്തോട് തന്നെ വെറുപ്പ് തോന്നുന്ന വിധത്തിൽ നമ്മുടെ മനോനില അവതാളത്തിലാകും. എത്ര ആത്മാർത്ഥമായി ചെയ്താലും നല്ലത് പറയാൻ, ഒന്ന് പ്രോത്സാഹിപ്പിക്കാൻ ആരും മുന്നോട്ട് വരില്ല. എന്നാൽ നിസ്സാരമായ തെറ്റുകൾക്ക് നമ്മെ നിന്ദിക്കാനും, ചെളി വാരിയെറിയാനും ഒരുപാടാളുകൾ ഉണ്ടാകും. അങ്ങിനെ വരുമ്പോ, മനസ്സ് തളരാതെ, ആ ചെളിയെല്ലാം കുടഞ്ഞു കളഞ്ഞു ചവിട്ടുപടിയാക്കി അതിന്മേൽ കയറി നിൽക്കാൻ നമുക്ക് കഴിയണം.

എങ്കിൽ മാത്രമേ മറ്റുള്ളവർ സൃഷ്ടിക്കുന്ന പ്രശ്നങ്ങളാകുന്ന പൊട്ടക്കിണറ്റിൽ നിന്ന് ആത്മ വിശ്വാസത്തോടെ ഉന്നതിയിലേക്ക് ചവിട്ടിക്കയറാനും ജീവിതത്തിൽ വിജയം വരിക്കാനും സാധിക്കുകയുള്ളൂ.

**മനോഹരമായ താമരക്ക് ചെളി വളമായതുപോലെ വിവേകശാലിക്ക് വിമർശനങ്ങളെ പടവുകളാക്കി മാറ്റാൻ കഴിയും**

# Tables Of Contents


**Common Preliminary Examination (SSLC Level)**

1. 029/2021 Stage I 13
2. 030/2021 Stage II 23
3. 031/2021 Stage III 33
4. 032/2021 Stage IV 42
5. 084/2021 Stage V 52

**Common Preliminary Examination (Plus Two Level)**

6. 041/2021 Stage I 62
7. 042/2021 Stage II 73

**Common Preliminary Examination (Degree Level)**

8. 075/2021 Stage I 83
9. 096/2021 Stage II 97

**Upto SSLC Level Main Examination**

10. 117/2021 LD Clerk 112
11. 122/2021 LGS, Seaman etc 126
12. 125/2021 Medical Photographer 138
13. 126/2021 Assistant Compiler 151
14. 127/2021 Office Attendant, Laboratory Attender 164
15. 128/2021 Assistant Salesman 178
16. 134/2021 Field worker 190
17. 135/2021 Supervisor (ICDS) 201
18. 136/2021 Village Extension Officer 214
19. 139/2021 Binder 226
20. 141/2021 Clerk Typist/Typist Clerk, Stenographer 236

**Other Important Exams**

21. 033/2021 Sewing Teacher (High School) 247
22. 085/2021 Driver Common Test 249
23. 089/2021 Cook 254
24. 100/2021 LDC/Clerk (Ex-Servicemen Only) 257
25. 104/2021 UP School Teacher (Tamil Medium) 269
26. 105/2021 LDC (Kannada & Malayalam Knowing) 271
27. 110/2021 Assistant Gr.2 / Sergeant 277

# About The Book

ഹായ് ഫ്രെണ്ട്സ്,

ഈ ഒരു ബുക്കിൽ പ്രധാനമായും അടങ്ങിയിരിക്കുന്നത് കേരള PSC - 2021 ൽ നടത്തിയ വിവിധ മത്സര പരീക്ഷകളുടെ ചോദ്യ പേപ്പറുകളും അവയുടെ ഉത്തരങ്ങളും ആണ്. കേരള PSC യുടെ ഒരു ജനറൽ പരീക്ഷ എഴുതുന്ന എല്ലാവർക്കും ഉപകാരപ്പെടുന്ന വിധത്തിലാണ് ഈ ഒരു പുസ്തകം തയ്യാറാക്കിയിരിക്കുന്നത്. കേരള PSC ഇംഗ്ലീഷ് മീഡിയത്തിലും മലയാളം മീഡിയത്തിലുമായി നടത്തിയ വിവിധ മത്സര പരീക്ഷകളിലെ ഏവർക്കും ഉപകാരപ്പെടുന്ന പൊതുവിജ്ഞാനം, ഇംഗ്ലീഷ്, മലയാളം, കണക്ക് ഈ ഭാഗങ്ങൾക്ക് പ്രാധാന്യം കൊടുത്തു കൊണ്ടാണ് ചോദ്യ പേപ്പറുകൾ സെലക്ട് ചെയ്തിരിക്കുന്നത്.

ചില ടെക്നിക്കൽ/ ടീച്ചർ പരീക്ഷകളിൽ വരുന്ന പൊതുവിജ്ഞാനം, കണക്ക്, ഇംഗ്ലീഷ്, മലയാളം എന്നിവ മാത്രം സെലക്ട് ചെയ്ത് ആഡ് ആക്കിയിട്ടുണ്ട്. ഓരോ പേജിലും ഒബ്ജക്ടീവ് മാതൃകയിൽ ചോദ്യങ്ങളും അവയുടെ താഴെയായി അവയുടെ ഉത്തരങ്ങളും കൊടുത്തിട്ടുണ്ട്. അതുകൊണ്ട് തന്നെ പഠിക്കാൻ എളുപ്പം ആയിരിക്കും.

ഓരോ പരീക്ഷയുടെയും കൂടെ അവയുടെ ഒരു ഓൺലൈൻ എക്സാം കൂടി തയ്യാറാക്കിയിട്ടുണ്ട്. തികച്ചും സൗജന്യമായി തന്നെ ആ ഓൺലൈൻ പരീക്ഷകൾ എഴുതി നോക്കാവുന്നതാണ്. പഠിച്ചതിനുശേഷം മോക്ടെസ്റ്റ് ചെയ്ത് നോക്കിയാൽ ഓർമയിൽ നിൽക്കാൻ അത് സഹായിക്കും.

മുൻ വർഷ ചോദ്യങ്ങളിൽ വരുന്ന സമകാലിക ചോദ്യങ്ങൾ കാലത്തിനനുസരിച്ച് മാറിക്കൊണ്ടിരിക്കുന്ന ഒന്നാണ്. അത് കൊണ്ട് അത്തരം ചോദ്യങ്ങൾ (നിയമനങ്ങൾ etc) നിങ്ങൾ പരീക്ഷ എഴുതാൻ പോകുന്ന കാലത്തിനനുസരിച്ച് മാറ്റം വരുത്തേണ്ടതാണ്. ഈ ബുക്കിലെ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എല്ലാം തന്നെ അതേ പരീക്ഷയുടെ കേരള PSC യുടെ ഫൈനൽ ആൻസർ കീ ഉപയോഗിച്ച് തയ്യാറാക്കിയതാണ്. അതായത് കേരള PSC യുടെ ഉത്തരങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പിന്നീട് ആൻസർ കീയിൽ എന്തെങ്കിലും മാറ്റങ്ങൾ വന്നാൽ അവ ഓൺലൈൻ പരീക്ഷയിൽ ശരിആക്കുന്നതാണ്. അത് കൊണ്ട് തന്നെ ഓൺലൈൻ പരീക്ഷയും ചെയ്ത് നോക്കേണ്ടതാണ്.

ചോദ്യ പേപ്പറുകൾ പ്രധാനമായും മലയാളം, തമിഴ്, കന്നട മീഡിയത്തിൽ ലഭിക്കുന്നുണ്ട്. 1.15 മണിക്കൂറാണ് പരീക്ഷാ സമയം. 100 ചോദ്യങ്ങളും 100 മാർക്കും ആണ് പരീക്ഷക്ക് വരുന്നത്. ഓരോ ശരിയുത്തരത്തിനും 1 മാർക്ക് വീതം ലഭിക്കുന്നതാണ്. ഓരോ തെറ്റ് ഉത്തരത്തിനും 1/3 മാർക്ക് വീതം (അതായത് 3 ഉത്തരം തെറ്റിയാൽ 1 മാർക്ക് വെച്ച് നഷ്ടമാകും) കിട്ടിയ മാർക്കിൽ നിന്നും നഷ്ടമാകുന്നതും ആണ്.

പഠിച്ച കാര്യങ്ങൾ തന്നെ ചോദിക്കാനും അത് ആ പരീക്ഷ എഴുതുന്ന സമയത്ത് തന്നെ കൺഫ്യൂഷൻ വരാതെ ഓർമയിൽ വരാനും ഏവർക്കും കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു. എല്ലാവർക്കും ഒരു നല്ല ഭാവി ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.

നിധീഷ്. സി. വി.

